[Mr. P. Nanu]

(എ) ചിറയിൻകീഴ്താലൂക്കിൽ കുന്നത്തൂർപകുതിയിൽ വലിയ ഏലായിലെ കൃഷിക്ക് ആവശ്യമുള്ള വെള്ളം മുഴുവൻ ഇപ്പോൾ കിട്ടുന്നില്ലാത്തതിനാൽ നിരുപയോഗമായി ഒഴുകിപ്പോകുന്ന പരവൂർ ആറിലെ വെള്ളം ക്രമേണ കെട്ടി കൃഷിക്കു ഉപയോഗയോഗ്യമാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെൻറിനെ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

(ബി) ഇല്ലെങ്കിൽ ഉടനടി അതിനെപ്പറ്റി അന്വേഷിച്ച് വേണ്ടതു ചെയ്യാൻ മടിയുണ്ടാകുമോ ?

HON'BLE MR. K. R. ELANKATH : (*a*) No.

(*b*) The matter will be investigated and necessary action taken.

ഇലക്ട്രിക്ക് മോട്ടാർവില്പന.

166. MR. P. K. KUMARAN ACHARI (*Meenachil I—Kammala Reserved*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്ക് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൃഷിക്കാരുടെയും വ്യവസായികളുടേയും സഹായാർത്ഥം ഗവണ്മെൻറിൽനിന്നും മുൻപു കൊടുത്തിരുന്നതുപോലെ ഫയർ പർച്ചസ് സിസ്റ്റത്തിൽ ഇലക്ട്രിക്ക് മോട്ടാർ വിൽക്കുന്നതിന് ആവശ്യമുള്ള മോട്ടാർ ഗവണ്മെൻറിൽനിന്നും വരുത്തിവച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആരോ ഇന്നത്തിലും എത്രയെണ്ണം വീതമുണ്ടെന്ന് പറയാൻ മടിയുണ്ടാകുമോ ?

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ ഏവ ?

HON'BLE MR. K. R. ELANKATH : No.

(b) and (c) do not arise in view of (a) above.

സിമൻറുഫാക്ടറി.

167. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നല്കുമോ ?

(എ) കോട്ടയത്തിനു സമീപം സ്ഥാപിച്ചിരിക്കുന്ന തിരുവിതാംകൂർ സിമൻറുഫാക്ടറിയുടെ മൂലധനം എത്ര രൂപയാണ് ?

(ബി) അതിന്റെ പണിക്കായും മറ്റും ഇതുവരെ എന്തു ചെലവായിട്ടുണ്ട് ?

(സി) ഗവണ്മെൻറു എത്ര ഷെയറുകൾ ആ കമ്പനിയിൽ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly